# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 343** | **27/02/2017-ൽ മറുപടിക്ക്**

## കുറിപ്പടികളില്ലാതെയും അശാസ്ത്രീയമായും ആന്റിബയോട്ടിക് മരുന്നുകളുടെ വിൽപ്പന

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.എം. ആരിഫ്**<br>**,, പി.കെ. ശശി**<br>**,, യു. ആർ. പ്രദീപ്**<br>**,, വി. കെ. സി. മമ്മത് കോയ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | സംസ്ഥാനത്ത് ഡോക്ടർമാരുടെ കുറിപ്പടികളില്ലാതെയും അശാസ്ത്രീയമായും ആന്റിബയോട്ടിക് മരുന്നുകൾ വിൽക്കുകയും ഉപയോഗിക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **എ)** | ഉണ്ട് |
| **ബി)** | ഈ പ്രവണതയ്ക്കെതിരെ കേന്ദ്ര ഡ്രഗ്സ് സ്റ്റാർഡേർഡ്സ് കൺട്രോൾ ഓർഗനൈസേഷൻ മുന്നറിയിപ്പ് നൽകിയിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | **ബി)** | ഉണ്ട് |
| **സി)** | ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ജാഗ്രതാ നിർദ്ദേശം നൽകാനും പരിശോധനകൾ നടത്താനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | **സി)** | ഇതിൻപ്രകാരം ഡ്രഗ്സ് കൺട്രോൾ വകുപ്പ് ആന്റിബയോട്ടിക്കുകളുടെ വിൽപ്പനയിൽ കർശന നിരീക്ഷണം നടത്തിവരുന്നുണ്ട്. ഡോക്ടറുടെ കുറിപ്പടിയില്ലാതെ മരുന്നുകൾ വിൽക്കുവാൻ പാടില്ല എന്ന് കർശന നിർദ്ദേശവും വ്യാപാരികൾക്ക് നൽകിയിട്ടുണ്ട്. ഇത് ലംഘിക്കുന്നവർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| **ഡി)** | ഇവയുടെ ദുരുപയോഗം തടയുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ? | **ഡി)** | സെഫലോസ്പോറിൻ വിഭാഗത്തിൽ വരുന്ന ആന്റിബയോട്ടിക്കുകളെ ഷെഡ്യൂൾ എച്ച്1 പട്ടികയിൽ ഉൾപ്പെടുത്തുകയും ഇവയുടെ വിൽപ്പന വിശദാംശങ്ങൾ ഉൾപ്പെടുത്തുന്നതിലേയ്ക്കായി പ്രത്യേക രജിസ്റ്റർ മരുന്നു വ്യാപാരികൾ സൂക്ഷിക്കേണ്ടതാണ്. ഇത് സംബന്ധിച്ച ഭേദഗതികൾ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് റൂൾസിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. മത്സ്യ മാംസ ഉപയോഗത്തിലൂടെ ഇത്തരം ആന്റിബയോട്ടിക്കുകളുടെ റെസിസ്റ്റൻസ് തടയുന്നതിലേയ്ക്കായി വെറ്റിനറി |

➡

ഉപയോഗത്തിനായുള്ള ആന്റിബയോട്ടിക്കുകളിൽ withdrawal period പ്രതിപാദിക്കുന്നതിലേയ്ക്കും CDSCO (Central Drugs Standard Control Organization) കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പാലിക്കുന്നുണ്ടോ എന്ന് ഡ്രഗ്സ് കൺട്രോൾ വകുപ്പ് നിരന്തരം ഉറപ്പുവരുത്തുന്നുണ്ട്. കൂടാതെ ആന്റിബയോട്ടിക്കുകൾ ഉൾപ്പെടെയുള്ള ഷെഡ്യൂൾ.എച്ച്, എച്ച്.14, മരുന്നുകൾ ഡോക്ടറുടെ കുറിപ്പടി പ്രകാരമല്ലാതെ വിൽപ്പന നടത്തുന്നതല്ല എന്ന മുന്നറിയിപ്പും എല്ലാ ഔഷധ വ്യാപാര സ്ഥാപനങ്ങളിൽ പ്രദർശിപ്പിക്കുവാൻ വകുപ്പ് വ്യാപാരികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. നിയമം ലംഘിക്കുന്നവർക്കെതിരെ ഡ്രഗ്സ് കൺട്രോൾ വകുപ്പ് കർശന നടപടികൾ സ്വീകരിച്ചുവരുന്നു.

**സെക്ഷൻ ഓഫീസർ**